# പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T1489 03.05.2017 -ലെ മറുപടി**

## ശിരുവാണി അണക്കെട്ടിൽനിന്നുള്ള ജല ചൂഷണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| **ശ്രീ. കെ. വി. വിജയദാസ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ)പാലക്കാട് ജില്ലയിലെ ശിരുവാണി അണക്കെട്ടിൽ നിന്നും തമിഴ് നാട് വൻതോതിൽ ജലം കടത്തിക്കൊണ്ടു പോകുന്നുവെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;<br><br>ബി)ഇപ്രകാരമുള്ള ജലചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) & (ബി) | പാലക്കാട് ജില്ലയിലെ ശിരുവാണി അണക്കെട്ടിൽ പരിശോധന നടത്തിയപ്പോൾ, 06/01/2017-ന് ഇൻടേക്ക് കിണറിന്റെ ഇൻലെറ്റിനെക്കാൾ താഴ്ന്ന നിലയിലായിരുന്നു ജലനിരപ്പെങ്കിലും തമിഴ്നാട് ഭാഗത്തേയ്ക്കുള്ള ഔട്ട് ലെറ്റിലൂടെ ജലം സാധാരണ നിലയിൽ ഒഴുകുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്നു നടന്ന വിശദമായ പരിശോധനയിൽ, അനധികൃതമായി ജലം ഒഴുകുന്നുണ്ടെന്ന് മനസ്സിലാക്കുകയും വളരെ ശ്രമകരമായി 07/01/2017-ന് പ്രസ്തുത ഒഴുക്ക് തടയുകയും ചെയ്തു. തുടർന്ന് 08/01/2017-ന് മണ്ണ് കുഴിച്ചു കൊണ്ടു നടത്തിയ തുടർ പരിശോധനയിൽ മണ്ണിനടിയിലൂടെ ഒരു ടണലും ആർച്ച് രൂപത്തിലുള്ള ഗാലറിയും ഉള്ളതായി കാണപ്പെട്ടു. 16/01/2017-ന് വെള്ളം ഒഴുകുന്ന ഭാഗം പൂർണ്ണമായും അടച്ചു കൊണ്ട് അനധികൃത ജല നിർഗ്ഗമനം പൂർണ്ണമായും തടഞ്ഞു. ജലചൂഷണം തടയുന്നതിന് തമിഴ് നാട്ടിലേയ്ക്ക് ഒഴുകുന്ന ജലത്തിന്റെ അളവ് കൃത്യമായി രേഖപ്പെടുത്തുന്നതിനായി Digital flow measuring devices സ്ഥാപിക്കുവാനുള്ള പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ടണൽ പൂർണ്ണമായി അനാവരണം ചെയ്ത് വേറെ ജലനിർഗ്ഗമന മാർഗ്ഗങ്ങളില്ല എന്ന് കണ്ടെത്തി പൂർണ്ണമായി അടയ്ക്കുവാനുള്ള നടപടികളും നടന്നു വരുന്നു. |
| സി) ഇക്കാര്യത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | സി) | ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ